# വൈദിക വർഷം
## 2009 ജൂൺ 19 - 2010 ജൂൺ 19

ദൈവത്തിനു സ്തുതി!
ദൈവജനത്തിന് സമാധാനം!

വന്ദ്യവൈദീകരേ, പ്രിയ മക്കളേ,

2009 മാർച്ച് മാസം 16-ാം തിയതി പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ വൈദികർക്ക് വേണ്ടിയുള്ള തിരുസംഘത്തിന്റെ പ്ലീനറി മീറ്റിംഗിനെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു. ഈ സമ്മേളനത്തിൽ വച്ചാണ് മാർപ്പാപ്പ 2009 ജൂൺ മാസം 19-ാം തിയതി മുതൽ 2010 ജൂൺ മാസം 19-ാം തിയതിവരെ വൈദികവർഷമായി ആചരിക്കണമെന്ന തന്റെ ആഗ്രഹം പ്രകടിപ്പിച്ചത്. ഈ വൈദിക വർഷാചരണത്തിന്റെ പ്രധാന ലക്ഷ്യം വൈദികരുടെ വിശുദ്ധീകരണവും, ദൗത്യ നിർവ്വഹണത്തിലുള്ള സഹകരണവും ദൈവവിളികളുടെ പ്രോത്സാഹനവുമാണ്. വൈദിക വർഷാചരണത്തിന്റെ വിജയത്തിന് ദൈവജനം മുഴുവന്റെയും സഹകരണം ആവശ്യമുള്ളതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട ചില ചിന്തകൾ പൊതുവായി അവതരിപ്പിക്കുകയാണ്.

### 1. വിഷയം: ക്രിസ്തുവിന്റെ വിശ്വസ്തത, പുരോഹിതന്റെ വിശ്വസ്തത

പരിശുദ്ധ പിതാവുതന്നെയാണ് വൈദികവർഷത്തിന്റെ വിഷ യവും നിർദ്ദേശിച്ചു തന്നിരിക്കുന്നത്. "ക്രിസ്തുവിന്റെ വിശ്വ സ്തത, പുരോഹിതന്റെ വിശ്വസ്തത" എന്ന വിഷയത്തെക്കുറിച്ചുള്ള പഠനങ്ങളും ധ്യാനങ്ങളും കർമ്മപരിപാടികളുമായിരിക്കും ഈ വൈദിക വർഷത്തിൽ ആസൂത്രണം ചെയ്യുന്നത്. നമുക്കറിയാവുന്നതുപോലെ, ഒരേ ഒരു പൗരോഹിത്യമേയുള്ളൂ: നിത്യപുരോഹിതനായ യേശുവിന്റെ പൗരോഹിത്യം. യേശുവുമായുള്ള ഐക്യത്തിലൂടെ ഈ നിത്യപൗരോഹിത്യത്തിൽ പങ്കുചേരുന്നവരാണ് വൈദികർ. പൗരോഹിത്യത്തിന്റെ അന്തഃസത്ത യേശുവുമായുള്ള ഈ ഒന്നുചേരലാണ്. യേശു വിശ്വസ്തനായിരിക്കുന്നതുപോലെ വൈദികരും വിശ്വസ്തരായിരിക്കണം. "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനി ൽക്കും" (യോഹ. 15, 10). ഇതാണ് പൗരോഹിത്യ വിശ്വസ്തത. തായ്ത്തണ്ടിൽ നിന്ന് ശിഖരങ്ങളിലേയ്ക്ക് ജീവജലം പ്രവഹിക്കു ന്നതു പോലെ യേശുവിൽ വസിക്കുന്ന വിശ്വസ്തരായ പുരോഹി തരിലേയ്ക്ക് സ്നേഹ ചൈതന്യം സദാ പ്രവഹിക്കുകയും അവർ സമൃദ്ധമായ ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു. അവിശ്വസ്തരായ വൈദീകരാകട്ടെ ഉണങ്ങിവരണ്ട ശാഖകൾക്ക് തുല്യരായിത്തീരുന്നു.

## 2. വൈദീകവർഷം -എന്തുകൊണ്ട്? എങ്ങനെ?

ഈ വരുന്ന ആഗസ്റ്റ് മാസം 4-ാം തിയതി ആർസിയിലെ വികാരിയായിരുന്ന വിശുദ്ധ ജോൺ മരിയ വിയാന്നിയുടെ തിരുനാൾ ദിവസം അദ്ദേഹം ദിവംഗതനായിട്ട് 150 വർഷം തികയുകയാണ്. ഈ 150-ാം ചരമവാർഷികം കണക്കിലെടു ത്തുകൊണ്ടാണ് മാർപ്പാപ്പാ വൈദിക വർഷം പ്രഖ്യാപിച്ചി രിക്കുന്നത്. വൈദികവർഷം ഈ വരുന്ന ജൂൺ മാസം 19-ാം തിയതി ആഘോഷിക്കുന്നതിനും കാരണമുണ്ട്. അന്നാണ് സാർവ്വത്രിക സഭ യേശുവിന്റെ തിരുഹൃദയത്തിരുനാൾ ആഘോഷിക്കുന്നത്. വൈദികരുടെ വിശുദ്ധീകരണ ദിനമായി സഭ നിർദ്ദേശിക്കുന്ന ഒരു ദിവസം കൂടിയാണിത്. അന്നു വൈകുന്നേരം ആർസിൽനിന്നും വിശുദ്ധ ജോൺ മരിയ വിയാന്നിയുടെ ഹൃദയത്തിന്റെ ഒരംശം റോമിലെ വിശുദ്ധ പത്രോസിന്റെ ബസിലിക്കായിലേയ്ക്ക് കൊണ്ടുവരും. ഈ തിരുശേഷിപ്പ് എഴുന്നള്ളിവച്ച് മാർപ്പാപ്പായുടെ പ്രധാന കാർമ്മികത്വത്തിൽ നടക്കുന്ന സന്ധ്യാ പ്രാർത്ഥനയോടു കൂടിയായിരിക്കും വൈദിക വർഷം സമാരംഭിക്കുന്നത്. 2010 ജൂൺ മാസം 19-ാം തിയതി വിശുദ്ധ പത്രോസിന്റെ ബസിലി ക്കായുടെ അങ്കണത്തിൽ മാർപ്പാപ്പായുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന ലോകവൈദിക സംഗമത്തോടെ വൈദീക വർഷം സമാപിക്കും.

ജൂൺ മാസം 19-ാം തിയതി വെള്ളിയാഴ്ച്ച തന്നെയാണ് നമ്മുടെ അതിരൂപതയിലും വൈദിക വർഷത്തിന് ആഘോഷ മായ ആരംഭം കുറിക്കുന്നത്. അന്നു രാവിലെ മുതൽ മേനംകുളത്തുള്ള നമ്മുടെ മൈനർ സെമിനാരിയിൽ വച്ച് രൂപതയിലെ എല്ലാ വൈദീകരും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും പങ്കെടുക്കുന്ന പ്രാർത്ഥനയും പഠനങ്ങളും ചർച്ചകളുമുണ്ടായിരിക്കും. ഒരു വർഷം നീണ്ടുനിൽക്കുന്ന കർമ്മപരി പാടികൾ ആസൂത്രണം ചെയ്യുന്ന ഒരു സമ്മേളനം കൂടിയായി രിക്കും ഇത്. അന്നു വൈകുന്നേരം അഞ്ചു മണിക്ക് വെട്ടുകാട് ക്രിസ്തു രാജസന്നിധിയിൽ മെത്രാന്മാരും അതിരൂപതയിലെ എല്ലാ വൈദികരും സന്യാസ-അല്മായ പ്രതിനിധികളും സംബന്ധിക്കുന്ന ആഘോഷമായ ദിവ്യബലിയിൽ സൗകര്യ മുള്ള എല്ലാവരും പങ്കെടുത്ത് വൈദീകരുടെ വിശുദ്ധീകര ണത്തിനായി പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 3. വിശുദ്ധ ജോൺ മരിയ വിയന്നിയുടെ മാതൃകയും വിജയ രഹസ്യവും

വിശുദ്ധ ജോൺ മരിയ വിയാന്നിയെയാണല്ലോ ഈ വൈദിക വർഷത്തിൽ എല്ലാ വൈദികരും അനുകരിക്കേണ്ട ഒരു മാതൃകയായി തിരുസഭ അവതരിപ്പിക്കുന്നത്. എന്താണ് അദ്ദേഹത്തിന്റെ വിജയ രഹസ്യം? ഏതെല്ലാമാണ് അദ്ദേഹത്തിന്റെ സവിശേഷതകൾ? അടിസ്ഥാനപരമായി ഒരേ ഒരു സവിശേഷതയേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. എല്ലാറ്റിനെക്കാളുമുപരിയായി യേശുവിനെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ഇതായി രുന്നു അദ്ദേഹത്തിന്റെ വിജയരഹസ്യം. അടിസ്ഥാനപരമായ ഈ സവിശേഷതയുടെ പ്രതിഫലനങ്ങളായിരുന്നു അദ്ദേഹ ത്തിൽ നാം കാണുന്ന മറ്റെല്ലാ പ്രത്യേകതകളും. അജപാലക രെയെല്ലാം സുവിശേഷം പഠിപ്പിക്കുന്നതും ഈ പാഠം തന്നെയാണ്. അജപാലനദൗത്യം പത്രോസിനെ ഭരമേല്പിക്കു ന്നതിനു മുൻപ് യേശു പത്രോസിനോട് മൂന്നു പ്രാവശ്യം ആവർത്തിച്ചാവർത്തിച്ച് ചോദിച്ചത് ഒരേ ഒരു ചോദ്യമായിരുന്നു: "യോഹന്നാന്റെ പുത്രനായ ശിമയോനേ, നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ?" സ്നേഹം ഉറപ്പുവരുത്തിയതിനു ശേഷമാണ് യേശു ദൗത്യമേല്പിക്കുന്നത്: "എന്റെ ആടുകളെ മേയ്ക്കുക"; "എന്റെ കുഞ്ഞാടുകളെ മേയ്ക്കുക" (cfr. യോഹ. 21, 15-17).

ഫ്രാൻസിലെ ഡാർഡില്ലി എന്ന ഗ്രാമത്തിൽ 1786-ലാണ് ജോൺ മരിയ വിയാന്നി ജനിച്ചത്. സഭയെ താറടിക്കുകയും പുരോഹിതരെ വിമർശിക്കുകയും മതവിശ്വാസികളെ വേട്ടയാടുകയും ചെയ്തിരുന്ന ഫ്രെഞ്ചുവിപ്ലവത്തിന്റെ കാലമായിരുന്നു അത്. യേശുവിനോടുള്ള സ്നേഹത്തിൽ നിലനിൽക്കുവാനോ വളരുവാനോ പറ്റിയ ഒരു സാഹചര്യമല്ല അന്നുണ്ടായിരുന്നത്. എങ്കിലും ജോണിന്റെ മാതാപിതാക്കൾ തങ്ങൾക്കു ലഭിച്ച വിശ്വാസം പകർന്നു കൊടുത്തുകൊണ്ട് യേശുവുമായുള്ള സ്നേഹത്തിൽ വളരുവാൻ മകനെ സഹായിച്ചു. ഈ സ്നേഹദീപം അണഞ്ഞുപോകാതിരിക്കാൻ മകനും ശ്രദ്ധിച്ചു. ആരുമറിയാതെ രഹസ്യമായിട്ടായിരുന്നു അദ്ദേഹം വേദപാഠം പഠിച്ചിരുന്നത്. അദ്ദേഹത്തിന്റെ ആദ്യകുർബ്ബാന സ്വീകരണവും ഒരു ഒളിത്താവളത്തിൽ വച്ചായിരുന്നു.

“സ്നേഹം സകലതും സഹിക്കുന്നു സകലത്തെയും അതിജീവിക്കുന്നു” (1 കൊറി. 13, 7). എല്ലാ പ്രതിബന്ധ ങ്ങളെയും തരണം ചെയ്തുകൊണ്ട് മുന്നോട്ട് പോകുവാൻ അദ്ദേഹത്തിനു ശക്തിപകർന്നുകൊടുത്തത് യേശുവുമായിട്ടുള്ള ഈ ഉറ്റ സ്നേഹബന്ധമാണ്. ഗ്രെനോബിളിലെ സെമിനാരിയിൽ അദ്ദേഹം ചേർന്നപ്പോൾ പതിവിലധികം പ്രായമുണ്ടായിരുന്നു. നല്ലൊരു സ്വഭാവത്തിന്റെ ഉടമയായിരുന്നുവെങ്കിലും ലത്തീൻ ഭാഷയും മറ്റു ദൈവശാസ്ത്ര വിഷയങ്ങളും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. മേലധികാരികളുടെ ശകാരങ്ങൾക്കും സഹപാഠികളുടെ പരിഹാസങ്ങൾക്കും വിധേയനാകേണ്ടിവന്നപ്പോഴൊക്കെ പൗലോസ് അപ്പോസ്തലന്റെ വചനങ്ങളാണ് അദ്ദേഹത്തിന് ധൈര്യം പകർന്നു കൊടുത്തിരുന്നത്: “വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ ഭോഷന്മാരായവരെ ദൈവം തിരഞ്ഞെടുത്തു. ശക്തമായവയെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ അശക്തമായവയെയും. നിലവിലുള്ളവയെ നശിപ്പിക്കു വാൻ വേണ്ടി ലോകദൃഷ്ട്യാ നിസ്സാരങ്ങളായവയെയും അവഗണി ക്കപ്പെട്ടവയെയും ഇല്ലായ്മയെത്തന്നെയും ദൈവം'തെരഞ്ഞെ ടുത്തു. ദൈവസന്നിധിയിൽ ആരും അഹങ്കരിക്കാതിരി ക്കാനാണ് അവിടുന്ന് ഇങ്ങനെ ചെയ്തത്” (1 കൊറി 1, 27-29). തികഞ്ഞ വിനയത്തോടെ 1815-ാമാണ്ട് ആഗസ്റ്റ് മാസം 13-ാം തിയതി അദ്ദേഹം പൗരോഹിത്യം സ്വീകരിച്ചു.

യേശുവിനെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരുവന് അവിടുത്തെ അജഗണത്തെ സ്നേഹിക്കാതിരിക്കാനാവില്ല. അജഗണത്തോടുള്ള ഈ സ്നേഹം അവരുടെ പ്രീതിയും പ്രശംസയും പിടിച്ചുപറ്റുന്ന ഒരു സ്നേഹമായിരുന്നില്ല. പിന്നെയോ സ്നേഹിതർക്കുവേണ്ടി സ്വജീവനെത്തന്നെ സമർപ്പിക്കുന്ന നല്ല ഇടയന്റെ വലിയ സ്നേഹമായിരുന്നു. (cfr. യോഹ. 10, 11; 15, 13). ആരുമാരും പോകാനാഗ്രഹിക്കാത്ത ആർസിലേയ്ക്കാണ് അജപാലനശുശ്രൂഷ നിർവ്വഹിക്കാൻ വിയാന്നിയച്ചൻ നിയോഗിക്കപ്പെട്ടത്. അന്ന് ആർസ് ഒരു ഇടവക പോലുമല്ലായിരുന്നു. ഉന്തുവണ്ടിയിൽ അത്യാവശ്യ സാധനങ്ങളുമായി അദ്ദേഹം ആർസിലെത്തിയപ്പോൾ സ്വീകരിക്കാൻ ആരുമില്ലായിരുന്നു. പിറ്റേ ദിവസം ഒറ്റയ്ക്കാണ് അദ്ദേഹം അവിടെ ദിവ്യബലിയർപ്പിച്ചത്. അക്രമവും ആഭാസത്തരങ്ങളും കുടിയും കൂത്തരങ്ങും നിറഞ്ഞു നിന്ന ഒരു സ്ഥലമായിരുന്നു ആർസെന്ന് മനസ്സിലാക്കാൻ അദ്ദേഹത്തിന് വലിയ കാലതാമസമൊന്നും വേണ്ടിവന്നില്ല. എങ്കിലും അദ്ദേഹം നിരാശനായില്ല; ആരെയും പഴിച്ചില്ല; ആരോടും പരാതി പറഞ്ഞില്ല; തന്റെ അജഗണത്തെ അവരുടെ എല്ലാ കുറ്റം കുറവു കളോടു കൂടിത്തന്നെ അദ്ദേഹം സ്നേഹിച്ചു. യേശുവും ഇതു പോലെ പാപികളുടെയും ചുങ്കക്കാരുടെയും സ്നേഹിത നായിരുന്നുവല്ലോ. “ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം” (മത്താ. 9, 12) എന്ന യേശുവിന്റെ വചനങ്ങൾ അദ്ദേഹം ഓർമ്മിച്ചു.

ഇങ്ങനെ ആർക്കും വേണ്ടാത്ത ഈ വൈദീകൻ അവിടെ ഒറ്റയ്ക്ക് എന്താണ് ചെയ്യുന്നതെന്നറിയാൻ പലർക്കും കൗതുകമായി. പകലിന്റെ നീണ്ട മണിക്കൂറുകളിലും രാത്രിയിലെ നീണ്ട യാമങ്ങളിലും പ്രാർത്ഥനയിൽ ലയിച്ചിരിക്കുന്ന വിയാന്നിയച്ചനെയാണ് അവർക്ക് കാണാൻ സാധിച്ചത്. പ്രാർത്ഥിക്കുന്ന ഈ ദൈവമനുഷ്യന്റെ മാതൃക അവരെ വളരെയേറെ ആകർഷിച്ചു. പലരും അദ്ദേഹത്തിന്റെ ദിവ്യബലിയിൽ സംബന്ധിക്കാൻ തുടങ്ങി. കുരിശിലെ യേശുവിന്റെ ബലിയിൽ സംബന്ധിക്കുന്നതുപോലുള്ള ദിവ്യാനുഭൂതിയാണ് അവർക്കുണ്ടായത്. ധാരാളം പേർ അദ്ദേഹത്തിന്റെ പക്കൽ വന്ന് പാപങ്ങൾ ഏറ്റുപറഞ്ഞു. ഇതിനായി കുമ്പസാരകൂട്ടിൽ അദ്ദേഹത്തിന് അനേകം മണിക്കൂറുകൾ ചിലവഴിക്കേണ്ടിവന്നു. തന്റെ പക്കൽ വന്നവരെയെല്ലാം അദ്ദേഹം സ്നേഹത്തോടെ സ്വീകരിച്ചു; ക്ഷമയോടെ ശ്രവിച്ചു; ശാന്തതയോടെ സംസാരിച്ചു; കരുണയോടെ തിരുത്തി. ആർക്കും മനസ്സിലാകുന്ന ലളിതമായ ഭാഷയിലുള്ള അദ്ദേഹത്തിന്റെ വചനവ്യാഖ്യാനം എല്ലാവരുടെയും ഹൃദയങ്ങളെ സ്പർശിക്കുവാൻ പോരുന്നതായിരുന്നു. അദ്ദേഹത്തെക്കുറിച്ച് കേട്ടറിഞ്ഞ അനേകായിരം പേർ സമീപ പ്രദേശങ്ങളിൽ നിന്നു മാത്രമല്ല ദൂരസ്ഥലങ്ങളിൽ നിന്നു പോലും അദ്ദേഹത്തിന്റെ പക്കലേയ്ക്ക് വരാൻ തുടങ്ങി.

പാപങ്ങളെക്കുറിച്ച് അനുതപിച്ച് പ്രായശ്ചിത്തമനുഷ്ഠിക്കുവാൻ മറ്റുള്ളവരെ ഉപദേശിക്കുക മാത്രമല്ല, അവരുടെ വിശുദ്ധീ കരണത്തിനായി അദ്ദേഹവും ഉപവസിക്കുകയും പ്രായശ്ചിത്തമനുഷ്ഠിക്കുകയും ചെയ്തിരുന്നു. വിശ്രമരഹിതമായ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ഉണക്കറൊട്ടിയും അല്പം

പുഴുങ്ങിയ ഉരുളക്കിഴങ്ങുമായിരുന്നു അദ്ദേഹത്തിന്റെ ഭക്ഷണം. പാപപരിഹാരാർത്ഥം അദ്ദേഹം ചമ്മട്ടിയടിച്ചിരുന്നു എന്നതിന്റെ തെളിവായി അദ്ദേഹത്തിന്റെ ശുഭ്രവസ്ത്രത്തിൽ രക്തക്കറകൾ കാണാമായിരുന്നു. "അവരും സത്യത്തിൽ വിശുദ്ധീകരിക്കപ്പെ ടേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീ കരിക്കുന്നു" (യോഹ. 17, 19) എന്ന യേശുവിന്റെ വചന ങ്ങളാണ് ഇതിനൊക്കെ അദ്ദേഹത്തിനു പ്രചോദനം നൽകിയത്.

തൊടുന്നതെല്ലാം പൊന്നാക്കാൻ അദ്ദേഹം ആഗ്രഹിച്ചില്ല. എല്ലാവരുടെയും അംഗീകാരവും പ്രശംസയും പിടിച്ചു പറ്റിക്കൊണ്ട് അജപാലന രംഗത്ത് വിജയിച്ചു മുന്നേ റണമെന്ന ആഗ്രഹവും അദ്ദേഹത്തിനില്ലായിരുന്നു. വർഷ ങ്ങൾക്കു ശേഷം ആർസിനെ ഒരു ഇടവകയായി ഉയർത്തിയപ്പോൾ ഒരു വികാരി യച്ചനാകാനുള്ള യോഗ്യത തനിക്കില്ലെന്ന് പറഞ്ഞ് വിനയ ത്തോടെ ആ സ്ഥാനത്തു നിന്നും ഒഴിയാനാണ് അദ്ദേഹം ശ്രമിച്ചത്. വിജയിക്കാനല്ല വിശ്വസ്തനായിരിക്കാനാണ് ദൈവം തന്നെ വിളിച്ചതെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അതു കൊണ്ടു തന്നെ വിജയത്തിലൂടെ മനുഷ്യരുടെ പ്രീതി പിടിച്ചു പറ്റാനല്ല, വിശ്വസ്തതയിലൂടെ ദൈവത്തെ പ്രീതിപ്പെടുത്തു വാനാണ് അദ്ദേഹം ശ്രമിച്ചത്. ഒരു വൈദികന്റെ യഥാർത്ഥ വിജയം ഏറ്റെടുത്ത ദൗത്യത്തോടുള്ള അദ്ദേഹത്തിന്റെ വിശ്വസ് തതയാണ്. ഇതായിരിക്കണം വൈദിക വർഷത്തിന്റെ വിഷയമായി 'പുരോഹിതന്റെ വിശ്വസ്തത' എന്നത് തിരഞ്ഞെ ടുക്കുവാൻ മാർപ്പാപ്പായെ പ്രേരിപ്പിച്ചത്. വിനീതനും വിശ്വസ്ത നുമായ ഈ ദാസൻ, ജോൺ മരിയ വിയാന്നി, 1859-ാമാണ്ട് ആഗസ്റ്റ് 4-ാം തിയതി "ഞാൻ പ്രയോജന രഹിതനായ ദാസൻ; കടമ നിർവ്വഹിച്ചതേയുള്ളു" (cfr. ലൂക്കാ. 17, 10) എന്നു പറഞ്ഞു കൊണ്ട് ദൈവതിരുസന്നിധിയിലേയ്ക്ക്, തന്റെ യജമാനന്റെ സന്തോഷത്തിലേയ്ക്ക് (cfr മത്താ. 25, 21) പ്രവേശിച്ചു.

വിശുദ്ധ ജോൺ മരിയ വിയാന്നി ഇടവക ശുശ്രൂഷയിൽ വ്യാപൃതനായിരുന്ന ഒരു വൈദികനാണ്. ഇതിനുപുറമേ, രണ്ടാം വത്തിക്കാൻ സുനഹദോസ് ചൂണ്ടിക്കാണിക്കുന്നതു പോലെ വൈദികർക്ക് പ്രവർത്തിക്കാവുന്ന വേറെയും ധാരാളം തലങ്ങളുണ്ട്. പ്രേഷിത പ്രവർത്തനങ്ങളിലും വിദ്യാഭ്യാസ രംഗത്തും സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളിലും പരിശീ ലനകേന്ദ്രങ്ങളിലും വ്യാപൃതരായിരിക്കുന്ന ധാരാളം വൈദി കരുണ്ട്. ആഴമായ പഠനങ്ങളിലും ശാസ്ത്രീയ ഗവേഷണ ങ്ങളിലും ഏർപ്പെട്ടിരിക്കുന്ന വൈദികരും കുറവല്ല. (P.O.8). എല്ലാവർക്കും അക്ഷരംപ്രതി വിശുദ്ധ ജോൺ വിയാന്നിയെ അനുകരിക്കാൻ സാധിച്ചെന്നു വരികയില്ല. അതേ സമയം തന്നെ ജീവിത വിശുദ്ധിയെ സംബന്ധിച്ചിടത്തോളവും എല്ലാവരെയും ക്രിസ്തുവിൽ ഒന്നിപ്പിക്കുക എന്ന ദൗത്യത്തെ സംബന്ധിച്ചി ടത്തോളവും വിശുദ്ധ ജോൺ മരിയ വിയാന്നി എല്ലാ തലങ്ങളിലും പ്രവർത്തിക്കുന്ന വൈദികർക്ക് ഒരു മാതൃകയായി നിൽക്കുന്നു.

### 4. വൈദികരും അവരുടെ പ്രശ്നങ്ങളും

ഏറ്റവും ഒടുവിലത്തെ സ്ഥിവിവരകണക്കുകളനുസരിച്ച് സാർവ്വത്രിക സഭയിൽ നാലു ലക്ഷത്തിലധികം (4,08,624) വൈദികരും കേരളസഭയിൽ പതിനായിരത്തിലധികം (10,641) വൈദികരും തിരുവനന്തപുരം അതിരൂപതയിൽ 136 രൂപതാ വൈദികരും 108 സന്യാസ വൈദികരുമുണ്ട്. പുളിമാവുപോലെ (cfr. മത്താ. 13, 3) സഭയെയും സമൂഹത്തെയും യേശുവിന്റെ ചൈതന്യം കൊണ്ടു വിശുദ്ധീകരിക്കാനുള്ള ദൗത്യമാണ് ഇവരെല്ലാം ഏറ്റെടുത്തിരിക്കുന്നത്. ആത്മാർത്ഥതയോടും അർപ്പണ മനോഭാവത്തോടും കൂടി ഈ വിശുദ്ധീകരണ പ്രക്രിയ യിൽ ഏർപ്പെട്ടിരിക്കുന്ന വൈദികരെ ജനങ്ങൾ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. എന്നാൽ പല വൈദി കരും "ഫരിസേയരുടെയും സദുക്കായരുടെയും പുളിമാവ്'' (മത്താ. 16, 6) പോലെ ദുർമാതൃക നൽകുന്നവരും ഉള്ള വിശ്വാ സവും നശിപ്പിക്കുന്നവരുമാണെന്ന പരാതിയും ജനങ്ങൾക്ക് ഇല്ലാതില്ല. ഇതിനു കാരണമായി അവരുടെ പ്രാർത്ഥനാ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയവും ആരാധനാനുഷ്ഠാനങ്ങളിൽ കടന്നുകൂടിയ യാന്ത്രികതയും ജീവിത ശൈലിയിൽ കാണുന്ന സുഖലോലു പതയും സമീപന രീതികളിൽ കാണുന്ന തകരാറുകളും സാമ്പത്തികമായ ക്രമക്കേടുകളും ജനങ്ങൾ ചൂണ്ടിക്കാണി ക്കാറുണ്ട്. ഈ പരാതികളെല്ലാം പൂർണ്ണമായും അടിസ്ഥാന രഹിതങ്ങ ളാണെന്നു പറഞ്ഞ് തള്ളിക്കളയാനാവില്ല.

വൈദികർക്കുമുണ്ട് നിരവധി കയ്പു നിറഞ്ഞ അനുഭവങ്ങൾ. തങ്ങൾക്ക് സ്നേഹവും സംരക്ഷണവും മാർഗ്ഗ നിർദ്ദേശങ്ങളും നൽകേണ്ട മേലധികാരികളിൽ നിന്നുമുണ്ടാകു ന്നതായി തോന്നുന്ന അവഗണനയും പക്ഷപാതപരമായ സമീപനരീതികളുമാണ് പല വൈദികരുടെയും മാനസികമായ സംഘർഷത്തിന് പ്രധാന കാരണം. സർവ്വവും പരിത്യജിച്ച് യേശുവിനായി അവിടുത്തെ ജനങ്ങളെ സേവിക്കുവാൻ ജീവിതം സമർപ്പിച്ചവരാണ് വൈദികർ. എന്നാൽ നല്ലൊരു ഭാഗം ജനങ്ങളുടെ വൈദികരോടുള്ള നിസ്സംഗതാ മനോഭാവവും ചിലരുടെയൊക്കെ ഏറ്റുമുട്ടലുകളും കാരണം ഒറ്റപ്പെട്ടുപോകുന്ന അനുഭവമാണ് പല വൈദികർക്കുമുള്ളത്. അടിസ്ഥാനരഹി തങ്ങളായ ആരോപണങ്ങളും നിരന്തരമായ വിമർശനങ്ങളും സഹകരണത്തിന്റെ അഭാവവും അവരുടെ ജീവിതത്തെ പ്രതി കൂലമായി ബാധിക്കുന്നുണ്ട്. വൈദികരും ജനങ്ങളും ഉന്നയി ക്കുന്ന ഇത്തരം പ്രശ്നങ്ങളെക്കുറിച്ചും തിക്താനുഭവങ്ങളെക്കു റിച്ചും വിശദമായി ചിന്തിക്കുവാനും ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുവാനുമുള്ള ഒരവസരമായിരിക്കണം ഈ വൈദിക വർഷം.

### 5. കളിമൺ പാത്രത്തിലെ അമൂല്യ നിധി

കത്തോലിക്കാ സഭ മുന്നോട്ടു വയ്ക്കുന്നതുപോലുള്ള ഒരു വൈദിക ജീവിതം അസ്വഭാവികവും അമാനുഷികവും അസാദ്ധ്യവുമാണെന്ന ഒരു ചിന്താഗതി ഇന്നു വളർന്നു വരുന്നുണ്ട്. സഭയുടെ ശത്രുക്കളും താത്വികമായി മാത്രം ചിന്തിക്കുന്നവരും ഇന്നത്തെ മാദ്ധ്യമങ്ങളും ഒരു ചെറിയ ശതമാനം വൈദികരുടെ ദുർമാതൃകകളെയും പാളിച്ചകളെയും പെരുപ്പിച്ചു കാണിച്ചുകൊണ്ട് ഇത്തരം ചിന്താഗതി പ്രചരിപ്പി ക്കാൻ കിണഞ്ഞു പരിശ്രമിച്ചു കൊണ്ടിരിക്കുന്ന ഒരു കാലയള വാണിത്. പല വൈദികർ പോലും ഇത്തരം തെറ്റായ ചിന്താഗ തിക്ക് ഇരകളാണ്. വൈദിക ജീവിതത്തിലേയ്ക്കുള്ള ദൈവവി ളികൾ കുറയുവാനും അർപ്പിത ജീവിതത്തിൽ പാളിച്ചകൾ വർദ്ധിക്കുവാനും പലരും വൈദിക ജീവിതം ഉപേക്ഷിച്ചു പോകു വാനും ഒരു പരിധിവരെ ഈ ചിന്താഗതി കാരണമാകുന്നുണ്ട്. പൗരോഹിത്യത്തിന്റെ ശക്തിസ്രോതസ്സ് എന്തെന്ന് മനസ്സിലാ ക്കാതെ വിശ്വസ്തതയോടെ വൈദിക ജീവിതം നയിക്കാനാവില്ല.

മഹോന്നതമായ ഒരു ജീവിതാന്തസ്സാണ് പൗരോഹിത്യം. സ്വർഗ്ഗീയ രഹസ്യങ്ങളുടെ സുവിശേഷം പ്രഘോഷിക്കുകയാണ് പുരോഹിതന്മാരുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യം. അദൃശ്യമായ ദൈവിക ദാനങ്ങളുടെ ദൃശ്യ അടയാളങ്ങളായ കൂദാശകൾ പരികർമ്മം ചെയ്യുന്നവനാണ് വൈദികൻ. അജഗണത്തിന് ദൈവത്തിലേയ്ക്കുള്ള വഴി കാണിച്ചു കൊടു ക്കാൻ അവർക്ക് കഴിയണം. ബ്രഹ്മചര്യത്തിന്റെയും അനുസര ണത്തിന്റെയും ദാരിദ്ര്യത്തിന്റെയും അരൂപി ഉൾക്കൊണ്ടുകൊണ്ട് ഈ ലോക ജീവിതത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ നിത്യജീവിതത്തിന്, ദൈവരാജ്യത്തിന് സാക്ഷ്യം വഹിക്കുന്ന വരാണ് വൈദികർ. അതേസമയം തന്നെ മനുഷ്യ ജീവിത ത്തോടും ഇഹലോക സാഹചര്യങ്ങളോടും ബന്ധമില്ലാതെ കഴിയുകയാണെങ്കിൽ മറ്റുള്ളവർക്ക് സേവനം ചെയ്യുവാനോ "എല്ലാവർക്കും എല്ലാമായിത്തീരുവാനോ" (1. കൊറി. 9, 22) വൈദികർക്ക് സാധിക്കുകയില്ല. (cfr. P.O. 4-6). ഇങ്ങനെ സ്വർഗ്ഗത്തോളം ഉയരുകയും ഭൂമിയോളം താഴുകയും ചെയ്തുകൊണ്ട് ഇവരണ്ടും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയാണ് പുരോഹിതൻ. എന്നാൽ വൈദികൻ അവനിൽത്തന്നെ പൗരോഹിത്യമാകുന്ന അമൂല്യനിധി സംവ ഹിക്കുന്ന വെറും കളിമൺ പാത്രം മാത്രമാണ് (cfr. 2 കൊറി 4, 7). ശ്രദ്ധിച്ചില്ലെങ്കിൽ ഈ കളിമൺ പാത്രം പൊട്ടിത്തകർന്ന് പൗരോഹിത്യമാകുന്ന നിധി ചിതറിപ്പോകും. ഇതാണ് ചില വൈദികരുടെ കാര്യത്തിലെങ്കിലും സംഭവിക്കുന്നത്. കത്തോലിക്കാ സഭ മുന്നോട്ടു വയ്ക്കുന്ന പൗരോഹിത്യത്തിന്റെ ഔന്നത്യവും വൈദികന്റെ തന്നെ ബലഹീനതകളും പരിഗണിക്കുമ്പോൾ ലോകത്തിന്റേതല്ലാത്ത രീതിയിൽ ലോക ത്തിലും ലോകത്തിനു വേണ്ടിയും ജീവിക്കുക എന്നത് അസാ ദ്ധ്യമായി, അമാനുഷികമായി അതിസ്വാഭാവികമായി പലരും കരുതുന്നു.

ഒരു പരിധിവരെ യേശുവും ഇതുതന്നെയാണ് നമ്മെ പഠിപ്പിക്കുന്നത്. പൗരോഹിത്യ ജീവിതാന്തസ്സ് മനുഷ്യന്റെ കഴിവുകൾക്കുമപ്പുറത്തുള്ളതാണ്. അത് അസ്വാഭാവികവും അമാനുഷികവും തന്നെയാണ്. എന്നാൽ അതിനെ അസാദ്ധ്യമെന്ന് ആരും വിശേഷിപ്പിക്കരുത്. കാരണം "ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല" (ലൂക്കാ. 1, 37). ബ്രഹ്മചര്യവ്രതമനുസരിച്ച് ജീവിക്കുക അസാദ്ധ്യമെന്നു വിചാരിച്ച ശിഷ്യന്മാരോട് യേശു പറഞ്ഞു: "കൃപ ലഭിച്ചവരല്ലാതെ മറ്റാരും ഈ ഉപദേശം ഗ്രഹിക്കുന്നില്ല" (മത്താ. 19, 11). സർവ്വവും പരിത്യജിക്കുന്ന ദാരിദ്ര്യാരൂപി അസാദ്ധ്യമെന്നു കരുതിയ ശിഷ്യന്മാരോട്

യേശു പറഞ്ഞു: "മനുഷ്യന് ഇത് അസാദ്ധ്യമാണ്; ദൈവത്തിന് അങ്ങനെയല്ല" (മത്താ. 10, 27). വിമോചന ദൗത്യം അസാദ്ധ്യമെന്നു പറഞ്ഞ മോസസിനോടും പ്രവാചക ദൗത്യം അസാദ്ധ്യമെന്നു കരുതിയ ജറമിയാസിനോടും ദൈവം പറഞ്ഞതിതാണ്: "നിന്റെ രക്ഷയ്ക്ക് നിന്നോടു കൂടെ ഞാനുണ്ട്" (ജറ. 1, 8. cfr. പുറ. 3, 12). ദൈവം കൂടെയുള്ളപ്പോൾ ഒന്നും അസാദ്ധ്യമല്ല. പൗരോഹിത്യത്തിന്റെ ശക്തിസ്രോതസ്സ് വൈദികന്റെ വെറും മാനുഷികമായ കഴിവുകളല്ല, പിന്നെയോ ദൈവത്തിന്റെ കൃപയാണ്; യേശുവുമായുള്ള സ്നേഹ ഐക്യമാണ്: "ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല" (യോഹ. 15, 5). ഈ അവബോധം വൈദിക വർഷത്തിൽ ജനങ്ങളിലും വൈദികരിലും ആഴമാകണം. അപ്പോൾ വൈദിക ജീവിതത്തിലേയ്ക്ക് അനേകം ദൈവവിളികളുണ്ടാകും; വൈദികരുടെ ജീവിത വിശുദ്ധീകരണം ഒരു യാഥാർത്ഥ്യമാവുകയും ചെയ്യും. വൈദികർക്ക് അവരർഹിക്കുന്ന അംഗീകാരവും സ്നേഹവും നൽകുവാനും, വൈദികരുടെ വിശുദ്ധീകരണത്തിനായി പ്രാർത്ഥിക്കുവാനും, അതിനാവശ്യമായ പദ്ധതികളാസൂത്രണം ചെയ്ത് നടപ്പിലാ ക്കുവാനും, വൈദിക ജീവിതത്തിലേക്കും അർപ്പിത ജീവിത ത്തിലേക്കുമുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കുവാനും സഭാംഗങ്ങളായ നാമേവരുടെയും കൂട്ടായ പരിശ്രമം കൂടിയേ തീരൂ. അതിനുള്ള സുവർണ്ണാവസരമാണ് ഈ വൈദിക വർഷാചരണത്തിലൂടെ നമുക്ക് ലഭിച്ചിരിക്കുന്നത്. ഇതിന്റെ വിജയത്തിനായി ആത്മാർത്ഥമായി സഹകരിക്കുവാനുള്ള അനുഗ്രഹാശ്ശിസ്സുകൾ ദൈവം നമുക്കേവർക്കും സമൃദ്ധമായി നൽകുമാറാകട്ടെ.

വെള്ളയമ്പലം
30.05.2009

+ സൂസപാക്യം എം
തിരുവനന്തപുരം മെത്രാപ്പോലീത്ത

NB: ഈ ഇടയലേഖനം ജൂൺ മാസം 7-ാം തിയതി ഞായറാഴ്ച്ച ദിവ്യബലി മദ്ധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.